# വിലങ്ങൻകുന്ന് വിൽക്കാൻ ഉദ്ദേശ്യമില്ലെന്ന് അധികൃതർ

തൃശ്ശൂർ : ജില്ലയിലെ പ്രമുഖ ആകർഷണകേന്ദ്രങ്ങളിലൊന്നായ വിലങ്ങൻകുന്നിനെ തകർക്കാനുള്ള ശ്രമത്തിൽ നിന്നും തല്പരകക്ഷികൾ പിന്മാറിയതായി സൂചനകൾ. കുന്ന് സ്വകാര്യമേഖലക്ക് വിൽക്കുന്നുവെന്ന പ്രചരണം അടിസ്ഥാനരഹിതമാണെന്ന് കുന്നിന്റെ വികസന സാധ്യതകൾ ആരായുന്നതിനായി ചേർന്ന യോഗത്തെ ജില്ലാ കളക്ടർ അറിയിച്ചു. വിലങ്ങൻ കുന്ന് വിൽക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് ടൂറിസം മന്ത്രി കെ. വി. തോമസും കഴിഞ്ഞ ദിവസം പ്രസ്താവിച്ചിരുന്നു.

തൊണ്ണൂറ്റിയൊൻപത് വർഷത്തെ പാട്ടത്തിന് ഒരു സ്വകാര്യവ്യക്തിക്ക് വിലങ്ങൻകുന്ന് കൈമാറാൻ അണിയറനീക്കം ശക്തമായതായി നേരത്തെ റിപ്പോർട്ടുണ്ടായിരുന്നു. ഇതിനെതിരെ വിവിധ സംഘടനകളും വ്യക്തികളും രംഗത്തെത്തിയിരുന്നു.

പ്രകൃതി ഭംഗിക്ക് കോട്ടം വരാത്ത രീതിയിൽ കുന്ന് വികസനത്തിന് സമഗ്ര പദ്ധതി തയ്യാറാക്കുവാനാണ് തങ്ങൾ മുതിരുന്നതെന്ന് ബോധ്യപ്പെടുത്തുവാനാണ് ഇപ്പോൾ അധികൃതർ പരിശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി എം. എൽ. എ. യുടേയും കളക്ടറുടേയും നേതൃത്വത്തിൽ ചേർന്ന യോഗം വിവിധ പദ്ധതികൾ പരിഗണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും വ്യക്തികൾക്കും പദ്ധതി സമർപ്പിക്കാം. കുന്നു നിലകൊള്ളുന്ന അടാട്ട് പഞ്ചായത്തിനു മുൻഗണനനൽകും. കുന്ന് ഏറ്റെടുത്ത് വികസനം നടപ്പിലാക്കാൻ 82,50,000 രൂപയുടെ പദ്ധതിയുടെ കരടുരേഖ അടാട്ട് പഞ്ചായത്ത് നൽകിയിട്ടുണ്ട്.

ഇവിടെ നിന്ന് മണ്ണെടുക്കൽ തടയാനും വിശ്രമകേന്ദ്രവും അമ്യൂസ്മെന്റ് പാർക്കും നിർമ്മിക്കാനും പദ്ധതികൾ രൂപീകരിക്കാനും യോഗം തീരുമാനമെടുത്തിട്ടുണ്ട്. തൃശ്ശൂർ നഗരത്തിൽ നിന്നും 7 കി. മീ. മാറി പുറനാട്ടുകര വില്ലേജിലാണ് വിലങ്ങൻകുന്ന്. നിലവിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇതിന്റെ മേൽനോട്ടം നടത്തുന്നത്.